**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5863** **04.11.2016-** ൽ മറുപടിക്ക്

## മംഗലം - ഗോവിന്ദാപുരം സംസ്ഥാന പാത

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ. ബാബു** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | മംഗലം - ഗോവിന്ദാപുരം സംസ്ഥാന പാതയുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മംഗലം - ഗോവിന്ദാപുരം സംസ്ഥാന പാതയിൽ 15 ലക്ഷം രൂപ വീതമുള്ള രണ്ട് പ്രവൃത്തികളുടെയും 25 ലക്ഷം രൂപ വീതമുള്ള രണ്ട് പ്രവൃത്തികളുടെയും ടെണ്ടർ നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികളുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഈ പ്രവൃത്തി കളെല്ലാം ഉടൻ ആരംഭിക്കാൻ സാധി ക്കുന്നതാണ്. എൻ.എസ്.എസ് കോളേജ് നെന്മാറ മുതൽ ഗോവിന്ദാപുരം വരെയുള്ള നവീകരണ പ്രവൃത്തികൾക്ക് വേണ്ടി 14.85 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | തമിഴ് നാട്ടിലെ പ്രധാന വ്യാപാര കേന്ദ്രമായ പൊള്ളാച്ചിയെയും, തീർത്ഥാടന കേന്ദ്രങ്ങളായ പഴനി, മധുര, രാമേശ്വരം എന്നീ കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയെ നാഷണൽ ഹൈവേയായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ? | (ബി) | മംഗലം - ഗോവിന്ദാപുരം സംസ്ഥാന പാതയെ ദേശീയപാതയായി ഉയർത്തുന്ന തിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് ദേശീയ പാതാവിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ